**Lalith Babu**

## ആധാരത്തിൽ പുരയിടം എന്നാണുള്ളത്. എന്നാൽ വില്ലേജ് രേഖകളിൽ നിലം എന്നും-- ഏതിനാണ് ആധികാരികത

***ഒരു വ്യക്തിയുടെ സ്ഥലത്തിന്റെ ആധാരത്തിൽ ആ സ്ഥലം പുരയിടം എന്നാണ എഴുതിയിരിക്കുന്നത്. എന്നാൽ ഈ സ്ഥലം സംബന്ധിച്ച് വില്ലേജ് ഓഫീസിലെ രേഖയിൽ നിലം എന്നമാണ്. ഇതിൽ ഏതു രേഖയിൽ പറയുന്നതിനാണ് ആധികാരികത.***

ആധാരത്തിൽ ഭൂമിയുടെ തരം പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നതുകൊണ്ട് മാത്രം ആധികാരികത ലഭിക്കുന്നില്ല. ഈ വിഷയത്തിൽ ആധികാരികത ലഭിക്കണമെങ്കിൽ വില്ലേജ് ഓഫീസിലെ ബേസിക് ടാക്സ് രജിസ്റ്ററിലും തണ്ടപ്പേർ രജിസ്റ്ററിലും സമാനമായ രേഖപ്പെടുത്തൽ ഉണ്ടായിരിക്കണം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനു വിധേയമായി ഭൂമിയുടെ തരം മാറ്റാൻ അനുവാദം നൽകിക്കൊണ്ട് ആർ.ഡി.ഒ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചട്ടം 13 ലെ വ്യവസ്ഥകളിൽ പറയും പ്രകാരം വില്ലേജ് ഓഫീസിലെ സപ്ലിമെന്ററി ബേസിക് ടാക്സ് രജിസ്റ്ററിലും തണ്ടപ്പേർ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ നടത്തേണ്ടതായിട്ടുണ്ട്. തരം മാറ്റപ്പെട്ട ഭൂമിയുടെ ആധാരം തയ്യാറാക്കുമ്പോൾ തരം മാറ്റം അനുവദിച്ചത് സംബന്ധിച്ച വിവരങ്ങളും ആധാരത്തിൽ എഴുതി ചേർക്കണം